# കേരളസർവകലാശാല

നം.പി.ആർ.17/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ച് 15 ന് ആരംഭിക്കുന്ന അവസാന വർഷ ബി..ബി..എ (ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ) (2020 അഡ്മിഷൻ റെഗുലർ, 2018 & 2019 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 7 വരെയും 150 പിഴയോടെ ഫെബ്രുവരി 10 വരെയും 400 രൂപ പിഴയോടുകൂടി ഫെബ്രുവരി 14 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്. (2020 അഡ്മിഷൻ റെഗുലർ, 2018 – 2019 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ മേഴ്സി ചാൻസ്)പരീക്ഷകളുടെ വൈവ (പ്രോജക്ട് വൈവ ഉൾപ്പെടെ) ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ പാളയം സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ എക്കണോമിക്സ് (2020 അഡ്മിഷൻ റെഗുലർ, 2018 – 2019 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ മേഴ്സി ചാൻസ്)പരീക്ഷകളുടെ വൈവ ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് ആന്വൽ സ്കീം സപ്ലിമെന്ററി ഏപ്രിൽ 2022 പരീക്ഷയുടെ വൈവ വോസി ജനുവരി 31 ന് പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് നടത്തുന്നതാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി രാവിലെ 11 മണിക്ക് തന്നെ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### ആഡ് –ഓൺ കോഴ്സ്

കേരളസർവകലാശാല കാര്യവട്ടം ബോട്ടണി വിഭാഗം നടത്തിവരുന്ന ആഡ്–ഓൺ കോഴ്സിലേക്ക് (ഹെർബേറിയം ടെക്നിക്സ് ആന്റ് മാനേജ്മെന്റ്) ബിരുദ ബിരുദാനന്തര സസ്യശാസ്ത്ര വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ഒരു ഹ്രസ്വ ബയോഡാറ്റ, ബന്ധപ്പെടേണ്ട വിലാസം, ഇ–മെയിൽ ഐ.ഡി, ഫോൺ നമ്പർ, മാതൃ സ്ഥാപനത്തിന്റെ ശിപാർശ എന്നിവ സഹിതം 2023 ജനുവരി 31 ന് 5 PM –നകം കേരളസർവകലാശാല കാര്യവട്ടം ബോട്ടണി വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. 2023 ഫെബ്രുവരി ആദ്യ വാരം ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്ന് മാസമാണ്. ക്ലാസുകൾ ശനിയാഴ്ചകളിലും പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരവുമായിരിക്കും. സീറ്റുകളുടെ എണ്ണം 30 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. ആദ്യം അപേക്ഷിക്കുന്നവർക്ക് മുൻഗണന. കോഴ്സിന് യാതൊരുവിധ ഫീസും ഉണ്ടായിരിക്കുന്നതല്ല.

തിരുവനന്തപുരം,
24.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries
**helpdesk@keralauniversity.ac.in**,**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**